| 22–01–2025 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ഇത് അനാദിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ നാടകമാണ്. ഇത് വളരെ നല്ല രീതിയില്‍ ഉണ്ടാക്കപ്പെട്ടതാണ്. ഇതിന്റെ ഭൂതം, ഭാവി, വര്‍ത്തമാനത്തെ നിങ്ങള്‍ കുട്ടികള്‍ക്ക് നല്ല രീതിയില്‍ അറിയാം**

**ചോദ്യം:–** സര്‍വ്വാത്മാക്കളും നിങ്ങളുടെ അടുത്തേക്ക് ആകര്‍ഷിച്ചുവരുന്നത് ഏതൊരു ആകര്‍ഷണത്തിന്റെ ആധാരത്തിലാണ്?

**ഉത്തരം:–** പവിത്രതയുടെയും യോഗത്തിന്റെയും ആകര്‍ഷണത്തിന്റെ ആധാരത്തില്‍. ഇതിലൂടെത്തന്നെയാണ് നിങ്ങളുടെയും അഭിവൃദ്ധിയുണ്ടാകുന്നത്. ഇനി മുന്നോട്ട് പോകവേ എല്ലാവരും പെട്ടെന്നു തന്നെ ബാബയെക്കുറിച്ച് അറിയും. ഇത്രയധികം പേര്‍ സമ്പത്ത് നേടുന്നു എന്നറിയുമ്പോള്‍ എല്ലാവരും ഇങ്ങോട്ട് വരുന്നു. അവസാനസമയം എത്തുന്നതനുസരിച്ച് നിങ്ങളിലും ആകര്‍ഷണം ഉണ്ടായിക്കൊണ്ടിരിക്കും.

**ഓം ശാന്തി.** നമ്മള്‍ ആത്മാക്കള്‍ പരംധാമത്തില്‍ നിന്നാണ് വരുന്നതെന്ന് ആത്മീയകുട്ടികളുടെ ബുദ്ധിയിലുണ്ടല്ലോ. എപ്പോഴാണോ സര്‍വ്വാത്മാക്കളും മുകളില്‍ നിന്നും വരുന്നത് പൂര്‍ത്തിയാകുന്നത്, ബാക്കി കുറച്ചുപേര്‍ മാത്രം അവശേഷിക്കുന്നത് അപ്പോഴാണ് ബാബ വരുന്നത്. ഇപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ക്ക് ആര്‍ക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുവാന്‍ എളുപ്പമാണ്. ദൂരദേശത്തില്‍ വസിക്കുന്ന ബാബ ഏറ്റവും അവസാനമാണ് വരുന്നത്. മുകളില്‍ ബാക്കി കുറച്ചുപേര്‍ മാത്രം അവശേഷിക്കുമ്പോള്‍. ഇപ്പോഴും ഇവിടെ വര്‍ദ്ധിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. ബാബയെ ആരും തന്നെ അറിയുന്നില്ല, പിന്നെങ്ങനെ ആദി–മദ്ധ്യ–അന്ത്യത്തെക്കുറിച്ച് അറിയും? ഇത് പരിധിയില്ലാത്ത നാടകമല്ലേ. അപ്പോള്‍ നാടകത്തിലെ അഭിനേതാക്കള്‍ക്ക് അറിയേണ്ടതല്ലേ. പരിധിയ്ക്കുള്ളിലുള്ള നാടകത്തിലെ അഭിനേതാക്കള്‍ക്ക് അറിയാമല്ലോ ഈ അഭിനേതാക്കള്‍ക്കെല്ലാം തന്നെ ഈ പാര്‍ട്ടുകളാണ് ലഭിച്ചിരിക്കുന്നതെന്ന്. ഏതൊന്നാണോ കഴിഞ്ഞുപോയത് അതിന്റെയാണ് പിന്നീട് ചെറുനാടകം ഉണ്ടാക്കുന്നത്. ഭാവിയിലുള്ളതിന്റേത് ഉണ്ടാക്കാന്‍ സാധിക്കില്ലല്ലോ. എന്താണോ കഴിഞ്ഞുപോയത്, സംഭവിച്ചത്, അതിന്റെ കൂടെ കുറച്ച് കഥകളെല്ലാം ഉണ്ടാക്കി ഒരു നാടകം തയ്യാറാക്കുന്നു. പിന്നീട് എല്ലാവര്‍ക്കും കാണിച്ചുകൊടുക്കുന്നു. ഭാവിയെക്കുറിച്ചുള്ള കാര്യം അറിയില്ലല്ലോ. ഇപ്പോള്‍ നിങ്ങള്‍ക്കറിയാം ബാബ വന്നിരിക്കുകയാണ്, സ്ഥാപന നിര്‍വ്വഹിച്ചുകൊണ്ടിരിക്കുകയാണ്, നമ്മള്‍ സമ്പത്ത് നേടിക്കൊണ്ടിരിക്കുന്നു. ആരെല്ലാമാണോ വരുന്നത്, അവര്‍ക്ക് ദേവതാപദവി നേടാനുള്ള വഴി നമ്മള്‍ പറഞ്ഞുകൊടുക്കുന്നു. ഈ ദേവീദേവതകള്‍ക്ക് ഇത്രയും ഉയര്‍ന്ന പദവി എങ്ങനെ ലഭിച്ചു? ഇതാര്‍ക്കും തന്നെ അറിയില്ല. വാസ്തവത്തില്‍ ദേവതാധര്‍മ്മത്തെയാണ് ആദി സനാതനാധര്‍മ്മമെന്ന് പറയുന്നത്. തന്റെ ധര്‍മ്മത്തെക്കുറിച്ച് മറക്കുമ്പോള്‍ –നമുക്ക് എല്ലാ ധര്‍മ്മങ്ങളും ഒന്നുതന്നെയാണ് എന്നു പറയുന്നു.

ഇപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ക്കറിയാം ബാബ നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ബാബയുടെ നിര്‍ദ്ദേശപ്രകാരം മാത്രമാണ് ചിത്രങ്ങളെല്ലാം തന്നെ നിര്‍മ്മിക്കുന്നത്. ബാബ ദിവ്യദൃഷ്ടിയിലൂടെയാണ് ചിത്രങ്ങള്‍ ഉണ്ടാക്കിക്കുന്നത്. ചിലര്‍ തന്റേതായ ബുദ്ധി ഉപയോഗിച്ചുണ്ടാക്കുന്നു. കുട്ടികള്‍ക്ക് ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട്, ആത്മാക്കളാണ് അഭിനേതാക്കള്‍ പക്ഷേ ഈ നാടകത്തിന്റെ രചയിതാവിനെക്കുറിച്ചും സംവിധായകനെക്കുറിച്ചും ആര്‍ക്കും തന്നെ അറിയില്ല. അതുകൊണ്ട് ഇതിനെക്കുറിച്ചും എഴുതി മനസ്സിലാക്കി കൊടുക്കണം. ബാബ ഇപ്പോള്‍ പുതിയ ധര്‍മ്മത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. പഴയതില്‍ നിന്നും വേണം പുതിയതായിത്തീരാന്‍. ഈ കാര്യവും ബുദ്ധിയിലുണ്ടായിരിക്കണം. പഴയ ലോകത്തേക്കാണ് ബാബ വന്ന് നിങ്ങള്‍ കുട്ടികളെ ബ്രഹ്മണനാക്കി മാറ്റുന്നത്. ബ്രാഹ്മണന്‍ തന്നെയാണ് പിന്നീട് ദേവതയായിത്തീരുന്നത്. യുക്തി എത്ര നല്ലതാണെന്ന് നോക്കൂ. ഇത് അനാദിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്. എന്നാല്‍ വളരെ നല്ല രീതിയിലാണ് ഉണ്ടാക്കിയിട്ടുള്ളത്. ബാബ പറയുന്നു ഞാന്‍ നിങ്ങള്‍ക്ക് നിത്യേന വളരെയധികം രഹസ്യമായ കാര്യങ്ങളാണ് കേള്‍പ്പിച്ചുതരുന്നത്. എപ്പോഴാണോ വിനാശം ആരംഭിയ്ക്കുന്നത് അപ്പോള്‍ നിങ്ങള്‍ കുട്ടികള്‍ക്ക് കഴിഞ്ഞുപോയ എല്ലാ ചരിത്രവും അറിയാന്‍ സാധിക്കുന്നു. പിന്നീട് നിങ്ങള്‍ സത്യയുഗത്തിലേക്ക് പോയിക്കഴിഞ്ഞാല്‍ കഴിഞ്ഞുപോയത് ഒന്നും തന്നെ ഓര്‍മ്മയുണ്ടാവുകയില്ല. അവിടെ പ്രാക്റ്റിക്കലായി എല്ലാം അഭിനയിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞുപോയതിനെ കുറിച്ച് ആര്‍ക്ക് കേള്‍പ്പിച്ചുകൊടുക്കാനാണ്? ഈ ലക്ഷ്മി–നാരായണന് കഴിഞ്ഞതിനെക്കുറിച്ച് തീര്‍ത്തും അറിവില്ല. നിങ്ങളുടെ ബുദ്ധിയില്‍ ഭൂതം, ഭാവി, വര്‍ത്തമാനം ഇവയെല്ലാമുണ്ട്– എങ്ങനെ വിനാശമുണ്ടാകുന്നു?, എങ്ങനെ കെട്ടിടങ്ങള്‍ സ്ഥാപിക്കുന്നു, എങ്ങനെ രാജ്യപദവിയുണ്ടാകുന്നു? തീര്‍ച്ചയായും ഉണ്ടാകുമല്ലോ.

സ്വർഗ്ഗത്തിലെ ദൃശ്യങ്ങൾ തന്നെ വേറെയാണ്. പാർട്ട് അഭിനയിക്കുന്തോറും എല്ലാം അറിയാൻ കഴിയുന്നു. ഇവിടെയുള്ളതിനെയാണ് രക്തപ്പുഴ ഒഴുകുന്ന ദൃശ്യമെന്ന് പറയുന്നത്. കാരണമില്ലാതെ ഒരുപാട് നിരപരാധികൾ മരണമടയുന്നു. എത്ര ബുദ്ധിമുട്ടാണുണ്ടാകുന്നത്. ഭൂകമ്പം സംഭവിക്കുന്നു, ബോംബുകൾ എറിയുന്നു, ഇതിലൂടെയെല്ലാം കാരണമില്ലാതെയുള്ള മരണമാണ് സംഭവിക്കുന്നത്. ഇതിൽ ആർക്കും ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. തീർച്ചയായും വിനാശം ഇതിനുമുമ്പും ഉണ്ടായിരുന്നെന്ന് വിശാലബുദ്ധിയുള്ള കുട്ടികൾ മനസ്സിലാക്കുന്നു. തീർച്ചയായും യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. കളി ഇങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളതെന്ന് അവർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നു. ചില സമയത്ത് ചിലരുടെ ബുദ്ധിയിൽ ഇത് ടച്ചാവും. നിങ്ങൾ ഇതെല്ലാം തന്നെ പ്രായോഗികമായി കാണാൻ പോകുന്നവരാണ്. നിങ്ങൾ തന്നെയാണ് രാജധാനിയുടെ അധികാരിളായിത്തീരാൻ പോകുന്നവർ. നിങ്ങൾക്കറിയാം ഇപ്പോൾ തീർച്ചയായും നമുക്ക് ആ ലോകത്തേക്ക് പോകേണ്ടതായുണ്ട്. ആരാണോ ബ്രാഹ്മണനായിത്തീരുന്നത്, പ്രജാപിതാബ്രഹ്മാവിലൂടെ ബ്രഹ്മാകുമാർ-കുമാരിമാരായിത്തീരുന്നവർക്കു മാത്രമേ അങ്ങോട്ട് പോകാൻ സാധിക്കൂ. എല്ലാവർക്കും തന്റെ വീട്ടിൽ അഥവാ ഗൃഹസ്ഥത്തിൽ തന്നെ വസിക്കണം. ഒരുപാട് പേരെ അറിയുകപോലുമില്ല. സെന്ററുകളിൽ എത്രയധികം പേരാണ് വരുന്നത്. ഇത്രയും പേരെയൊന്നും ബാബയ്ക്ക് ഓർമ്മ നിൽക്കില്ലല്ലോ. എത്ര ബ്രാഹ്മണരാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. എണ്ണമറ്റ ബ്രാഹ്മണരാണുള്ളത്. കൃത്യമായ കണക്കെടുക്കാൻ സാധിക്കില്ല. രാജാവിന് തന്റെ പ്രജകളുടെ കൃത്യമായ എണ്ണമറിയാൻ സാധിക്കില്ലല്ലോ. ജനസംഖ്യ കണക്കെടുക്കുമെങ്കിലും വ്യത്യാസം ഉണ്ടാകുന്നു. ഇപ്പോൾ നിങ്ങളും വിദ്യാർത്ഥിയാണ് ബ്രഹ്മാവും വിദ്യാർത്ഥിയാണ്. എല്ലാ ആത്മീയസഹോദരങ്ങൾക്കും ഒരേയൊരു ബാബയെ വേണം ഓർമ്മിക്കാൻ. ചെറിയ കുട്ടികൾക്ക് അച്ഛാ എന്നു പറയാൻ പഠിപ്പിച്ചുകൊടുക്കുമല്ലോ. നിങ്ങൾക്കറിയാം ഇനി മുന്നോട്ടു പോകവേ എല്ലാവരും ബാബയെ പെട്ടെന്നുതന്നെ മനസ്സിലാക്കും. ഇത്രയധികം പേർ സമ്പത്തെടുക്കുന്നു എന്ന് മനസ്സിലാക്കുമ്പോൾ ധാരാളം പേർ വരുന്നു. പവിത്രമാകുന്നതിലൂടെയാണ് ആകർഷണമുണ്ടാകുന്നത്. എത്രത്തോളം യോഗത്തിലിരിക്കുന്നുവോ ആകർഷണമുണ്ടാകുന്നു. മറ്റുള്ളവർക്കും ആകർഷണം തോന്നുന്നു. ബാബയും ആകർഷിക്കുമല്ലോ. വളരെയധികം പേർ വർദ്ധിക്കുന്നു. അതിനുള്ള യുക്തികളാണ് ബാബ നമുക്ക് നൽകുന്നത്. ഗീതയുടെ ഭഗവാൻ ആരാണ്? കൃഷ്ണനെ ഓർമ്മിക്കാൻ വളരെ എളുപ്പമാണ്. കൃഷ്ണന്റേത് സാകാരരൂപമല്ലേ. നിരാകാരനായ അച്ഛനാണ് പറയുന്നത്, എന്നെ മാത്രം ഓർമ്മിക്കൂ. എല്ലാത്തിന്റെ ആധാരവും ഇതിൽ തന്നെയാണ്. അതുകൊണ്ടാണ് ബാബ പറയുന്നത്, ഈയൊരു കാര്യത്തിൽ എല്ലാവരെക്കൊണ്ടും എഴുതിക്കണം. വലിയ-വലിയ ലിസ്റ്റുണ്ടാക്കുകയാണെങ്കിൽ എല്ലാവർക്കും അറിയാൻ സാധിക്കും.

നിങ്ങൾ ബ്രാഹ്മണർ എപ്പോഴാണോ പക്കാ നിശ്ചയബുദ്ധികളാകുന്നത്, അപ്പോൾ വൃക്ഷം വൃദ്ധി പ്രാപിക്കുന്നു. മായയുടെ കൊടുങ്കാറ്റ് അന്തിമം വരെയ്ക്കും ഉണ്ടായിരിക്കും. വിജയം പ്രാപിക്കുകയാണെങ്കിൽ പിന്നെ പുരുഷാർത്ഥവുമുണ്ടാവുകയില്ല, മായയുമുണ്ടാവുകയില്ല. ഓർമ്മയിൽ തന്നെയാണ് വളരെയധികം പേരും തോറ്റുപോകുന്നത്. എത്രത്തോളം നിങ്ങൾ യോഗത്തിൽ ഉറച്ചിരിക്കുന്നുവോ അത്രത്തോളം നിങ്ങൾ തോൽക്കുകയില്ല. രാജധാനിയുടെ സ്ഥാപനയാണ് നടന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ രാജധാനി സ്ഥാപിച്ചുകഴിഞ്ഞാൽ വജ്ര-വൈഢൂര്യങ്ങളും അതിന്റെ ഖനികളും എവിടെ നിന്നാണ് ലഭിക്കുന്നതെന്നുള്ള നിശ്ചയം കുട്ടികൾക്കുണ്ട്. ഇതെല്ലാം തന്നെ ഉണ്ടായിരുന്നു എന്നുള്ളത് സത്യം തന്നെയാണല്ലോ. ഇതിൽ സംശയിക്കേണ്ടതായ കാര്യമൊന്നുമില്ല. എന്താണോ സംഭവിക്കാൻ പോകുന്നത്, അത് പ്രാക്റ്റിക്കലായി കാണും. തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപന ഉണ്ടാവുകതന്നെ വേണം. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത്, അവർക്ക്, നമ്മൾ ഭാവിയിലെ രാജകുമാരനായിത്തീരും എന്ന നിശ്ചയമുണ്ടാകുന്നു. വജ്രവൈഢൂര്യങ്ങളുടെ കൊട്ടാരമുണ്ടായിരിക്കും. ഈ നിശ്ചയമുണ്ടാകുന്നതും സേവാധാരികളായ കുട്ടികൾക്കായിരിക്കും. ആരാണോ കുറഞ്ഞ പദവി നേടുന്നത്, അവർക്ക് ഇങ്ങനെയുള്ള ചിന്തകളൊന്നും തന്നെ ഉണ്ടായിരിക്കുകയില്ല, ഞങ്ങൾ കൊട്ടാരമുണ്ടാക്കും എന്ന ചിന്തകളൊന്നും തന്നെ ഉണ്ടാവില്ല. ആരാണോ ധാരാളം സേവനം ചെയ്യുന്നത്, അവരാണ് കൊട്ടാരത്തിലേക്ക് പോവുക. അവിടെ ദാസ-ദാസികളെ തയ്യാറായിത്തന്നെ ലഭിക്കുന്നു. സേവാധാരികളായ കുട്ടികൾക്കേ ഇങ്ങനെയുള്ള ചിന്തകളുണ്ടാകൂ. ആരെല്ലാമാണ് നല്ല രീതിയിൽ സേവനം ചെയ്യുന്നതെന്ന് കുട്ടികൾക്കുമറിയാം. പഠിക്കുന്നവരുടെ മുന്നിലാണ് എല്ലാവരും തലകുനിക്കുക. ബ്രഹ്മാബാബയ്ക്ക് തീർച്ചയായും ചിന്തകളുണ്ടാകുമല്ലോ. വൃദ്ധനുമാണ്, അതേപോലെത്തന്നെ കുട്ടികൾക്കു സമാനവുമാണ് അതുകൊണ്ടാണ് ഇവരുടെ ചില പെരുമാറ്റം കുട്ടികളെപ്പോലെയാകുന്നത്. ശിവബാബയ്ക്ക് ഒരേയൊരു കർത്തവ്യമാണ്, കുട്ടികളെ പഠിപ്പിക്കുക. വിജയമാലയിലെ മുത്തായിത്തീർന്നാൽ മാത്രമേ ഉയർന്ന പദവി ലഭിക്കൂ. ഇതെല്ലാം മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ബാബ പറയുന്നു ഞാൻ എന്താണോ കേൾപ്പിക്കുന്നത്, അതിനുമേൽ മനനം ചെയ്യൂ. ഇനി മുന്നോട്ട് പോകവേ നിങ്ങൾക്ക് സാക്ഷാത്കാരം ലഭിക്കും. സമീപത്തേക്ക് വരുന്തോറും ഓർമ്മയും വർദ്ധിക്കുന്നു. തന്റെ രാജധാനിയിൽ

നിന്നും മടങ്ങി വന്ന് 5000 വർഷങ്ങൾ കഴിഞ്ഞു. 84ജന്മങ്ങളുടെ ചക്രം കറങ്ങിവന്നു. വാസ്കോഡഗാമയെക്കുറിച്ച് പറയാറുണ്ട് അദ്ദേഹം ലോകം ചുറ്റി എന്ന്. നിങ്ങൾ ഈ വിശ്വത്തിൽ 84 ജന്മത്തിന്റെ ചക്രവും കറങ്ങി. വാസ്കോഡഗാമ ഒരാളാണ് വിശ്വം ഭ്രമണം ചെയ്തത്. ഇവിടെ നിങ്ങൾക്ക് 84 ജന്മത്തിന്റെ രഹസ്യം പറഞ്ഞുതരുന്നത് ഒരാൾ മാത്രമാണ്. അവനവന്റെ ഉള്ളിൽ നോക്കണം-തന്റെ ഉള്ളിൽ ദേഹാഭിമാനം ഇല്ലല്ലോ? സംശയിക്കുന്നില്ലല്ലോ? എവിടെയെങ്കിലും മോശമാകുന്നില്ലല്ലോ?

നിങ്ങൾ യോഗബലത്തിലാണെങ്കിൽ, ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, നിങ്ങളെ ആർക്കും തന്നെ പ്രഹരിക്കുവാൻ സാധിക്കില്ല. യോഗബലത്തിന്റെ കവചമുണ്ട്. ആർക്കും ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. അഥവാ ആർക്കെങ്കിലും മായയുടെ മുറിവ് പറ്റുന്നു എങ്കിൽ തീർച്ചയായും ദേഹാഭിമാനമാണ്. ദേഹിഅഭിമാനികൾക്ക് ഒരിക്കലും മുറിവ് പറ്റില്ല. തെറ്റ് അവനവന്റെതാണ്. ദേഹിഅഭിമാനികളെ ആർക്കും ഒന്നും ചെയ്യാൻ സാധിക്കില്ലെന്ന് വിവേകം പറയുന്നു. അതുകൊണ്ട് കഴിയുന്നതും പ്രയത്നിച്ച് ദേഹിഅഭിമാനിയായിത്തീരൂ. എല്ലാവർക്കും സന്ദേശം എത്തിക്കണം. ഭഗവാനുവാച മന്മനാഭവ. ഏതു ഭഗവാനാണ്? ഇതിനെക്കുറിച്ചും നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം. ഈയൊരു കാര്യത്തിൽ തന്നെയാണ് നിങ്ങളുടെ വിജയം ഉണ്ടാകുന്നത്. മുഴുവൻ ലോകത്തിലുള്ള മനുഷ്യരുടെ ബുദ്ധിയിലും കൃഷ്ണഭഗവാനുവാച എന്നാണ്. നിങ്ങൾ മനസ്സിലാക്കി കൊടുത്താൽ, കാര്യമൊക്കെ ശരിതന്നെയാണ് എന്നവർ പറയും. പക്ഷേ നിങ്ങളെപ്പോലെ എപ്പോഴാണോ അവരും മനസ്സിലാക്കുന്നത്, അപ്പോൾ മാത്രമേ അവർ പറയൂ ഇവിടെ മനസ്സിലാക്കിത്തരുന്നതെല്ലാം ശരിയാണ്. ഞാൻ ഏതുപോലെയാണോ ആ രീതിയിൽ തന്നെ എന്നെ മനസ്സിലാക്കാൻ ആർക്കും സാധിക്കില്ല എന്നൊന്നും കൃഷ്ണന് പറയാൻ കഴിയില്ലല്ലോ. കൃഷ്ണനെ എല്ലാവർക്കും അറിയാൻ സാധിക്കുന്നു. കൃഷ്ണന്റെ ശരീരത്തിൽ നിന്നും ഭഗവാന് പറയാനും സാധിക്കില്ല. കൃഷ്ണൻ സത്യയുഗത്തിലാണുണ്ടാകുന്നത്. അവിടെ എങ്ങനെ ഭഗവാന് വരാൻ സാധിക്കും? ഭഗവാൻ വരുന്നതുതന്നെ സംഗമയുഗത്തിലാണ്. അതുകൊണ്ട് നിങ്ങൾ എല്ലാവരിൽ നിന്നും എഴുതി വാങ്ങിക്കണം. ഒരു വലിയ പുസ്തകത്തിൽ എല്ലാവരുടെയും അഭിപ്രായങ്ങൾ എഴുതി വാങ്ങിക്കണം. എല്ലാവരും ഇത്രയൊക്കെ എഴുതിയിട്ടുണ്ട് എന്നു കാണുമ്പോൾ മറ്റുള്ളവരും എഴുതുന്നു. പിന്നീട് നിങ്ങളുടെ പക്കൽ വളരെയധികം പേരുടെ അഭിപ്രായങ്ങൾ ഉണ്ടായിരിക്കും-ഗീതയുടെ ഭഗവാൻ ആരാണ് എന്നതിനെക്കുറിച്ച്. ഏറ്റവും മുകളിൽ എഴുതണം ഉയർന്നതിലും ഉയർന്നത് ബാബയാണ്. കൃഷ്ണനല്ലല്ലോ. കൃഷ്ണന് ഒരിക്കലും എന്നെ മാത്രം ഓർമ്മിക്കൂ എന്ന് പറയാൻ സാധിക്കില്ല. ബ്രഹ്മാവിനെക്കാളും ഏറ്റവും ഉയർന്നത് ഭഗവാൻ ശിവൻ തന്നെയാണല്ലോ. എല്ലാവരുടെയും കഷ്ടപ്പാടുകൾ ഇല്ലാതാകുന്നതും ഈ മുഖ്യമായ കാര്യം അറിയുന്നതിലൂടെയാണ്.

ബാബ ഒരിക്കലും ഇവിടെത്തന്നെ വന്നിരിക്കുവാൻ പറയില്ല. സത്ഗുരുവിനെ സ്വീകരിച്ചു എങ്കിൽ പിന്നീട് തന്റെ വീട്ടിൽ പോയിരിക്കൂ. ആരംഭത്തിൽ നിങ്ങളുടെ ഭട്ഠിയുണ്ടായിരുന്നു. ശാസ്ത്രങ്ങളിലും ഭട്ഠിയുടെ കാര്യമുണ്ട് എന്നാൽ എന്തിനെയാണ് ഭട്ഠിയെന്നു പറയുന്നത്, ഇത് ആർക്കും തന്നെ അറിയില്ല. സാധാരണ ഭട്ഠി എന്ന വാക്കിനർത്ഥം ചെങ്കൽചൂളയാണ്. അതിൽ ചിലത് പാകപ്പെടും, ചിലത് പാകപ്പെടാത്തതായിരിക്കും. ഈ ലോകത്തിലും നോക്കൂ, സ്വർണ്ണം കിട്ടാനില്ല, ബാക്കി കല്ലും മണ്ണുമാണ് കൂടുതലുള്ളത്. പഴയ വസ്തുക്കൾക്കാണ് അംഗീകാരം കൂടുതലുള്ളത്. ശിവബാബയ്ക്കും ദേവതകൾക്കുമാണ് അംഗീകാരം കൂടുതൽ. സത്യയുഗത്തിൽ അംഗീകാരത്തിന്റെ കാര്യം തന്നെയില്ല. അവിടെ ഒരിക്കലും പഴയ വസ്തുക്കൾ അന്വേഷിക്കേണ്ടതില്ല. അവിടെ എല്ലാവരുടെയും വയറ് നിറഞ്ഞിരിക്കും. അന്വേഷിക്കേണ്ടതായ ആവശ്യമില്ല. നിങ്ങൾക്ക് അവിടെ ഖനനം നടത്തേണ്ടതായ ആവശ്യമില്ല. കെട്ടിടങ്ങളെല്ലാം ഉണ്ടാക്കുമ്പോൾ എന്തെങ്കിലും കാണുമ്പോൾ, താഴെ എന്തോ ഉണ്ടെന്ന് മനസ്സിലാക്കുന്നു. സത്യയുഗത്തിൽ നിങ്ങൾക്ക് ഒന്നിനെക്കുറിച്ചും ചിന്തയില്ല. അവിടെ സ്വർണ്ണം മാത്രമാണ്. സ്വർണ്ണത്തിന്റെ ഇഷ്ടികകളും ഉണ്ടാകുന്നു. കല്പം മുമ്പ് എന്താണോ സംഭവിച്ചത്, എന്താണോ ഡ്രാമയിൽ അടങ്ങിയിട്ടുള്ളത്, അതുതന്നെയാണ് സാക്ഷാത്കാരം ഉണ്ടാവുക. ശരീരം വിട്ടുപോയ ആത്മാക്കളെ വിളിപ്പിക്കുന്നതും ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഇതിൽ സംശയിക്കേണ്ടതായ കാര്യമില്ല. ഓരോ സെക്കന്റും പാർട്ട് അഭിനയിക്കുന്നു, പിന്നീട് അപ്രത്യക്ഷമാകുന്നു. ഇത് പഠിപ്പാണ്. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ അനേക ചിത്രങ്ങളുണ്ട്. നിങ്ങളുടെ ഈ ചിത്രങ്ങളെല്ലാം തന്നെ അർത്ഥ സഹിതമാണ്. അർത്ഥമില്ലാത്തതായ ഒരു ചിത്രവുമില്ല. നിങ്ങൾ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതു വരെ ആരും തന്നെ അറിയില്ല. മനസ്സിലാക്കിത്തരുന്ന ബാബ മാത്രമാണ് വളരെയധികം വിവേകശാലിയും നോളേജ്ഫുള്ളുമായിരിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരീയമതമാണ് ലഭിച്ചിരിക്കുന്നത്. നിങ്ങൾ ഈശ്വരീയ കുലത്തിലെ അംഗങ്ങളാണ്. ഈശ്വരൻ വന്ന് തന്റെ കുലത്തെയാണ് സ്ഥാപിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് രാജ്യപദവി ഒന്നുമില്ല. ആദ്യം രാജധാനി ഉണ്ടായിരുന്നു ഇപ്പോഴില്ല. ദേവിദേവതകളുടെ ധർമ്മം തീർച്ചയായും ഉണ്ടായിരുന്നു. സൂര്യവംശീ-ചന്ദ്രവംശീ രാജധാനിയുണ്ടായിരുന്നു. ഗീതയിലൂടെ ബ്രാഹ്മണകുലവും

സൂര്യവംശീ-ചന്ദ്രവംശീകുലവുമാണ് സ്ഥാപിക്കപ്പെടുന്നത്. ബാക്കി ഒന്നും തന്നെ ഉണ്ടാകുന്നില്ല. നിങ്ങൾ കുട്ടികൾ സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് അറിഞ്ഞു കഴിഞ്ഞു. വലിയ പ്രളയമുണ്ടാകുമെന്ന് ആദ്യം മനസ്സിലാക്കിയിരുന്നു. അതിനുപിറകേ സാഗരത്തിൽ കൃഷ്ണൻ ആലിലയിൽ കിടന്നു വരുന്നതായി കാണിച്ചിട്ടുണ്ട്. ആദ്യ നമ്പറിൽ കൃഷ്ണൻ തന്നെയാണല്ലോ വരുന്നത്. ബാക്കി സാഗരത്തിൽ വരുന്നതിന്റെ കാര്യമൊന്നുമില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് എല്ലാത്തിന്റെയും വിവേകം വന്നു കഴിഞ്ഞു. ആരാണോ ഈ ആത്മീയ പഠിപ്പ് വളരെ നല്ലരീതിയിൽ പഠിക്കുന്നത്, അവർക്കു മാത്രമേ സന്തോഷവുമുണ്ടാകൂ. നല്ല രീതിയിൽ പഠിക്കുന്നവർ പാസ്സ് വിത്ത് ഓണറായിത്തീരുന്നു. അഥവാ ആരോടെങ്കിലും ഹൃദയത്തിന്റെ പ്രീതിയുണ്ടെങ്കിൽ പഠിക്കുന്ന സമയത്തും അവരെ ഓർമ്മ വന്നുകൊണ്ടിരിക്കും. ബുദ്ധി അവിടേക്കു തന്നെ പോകുന്നു, അതുകൊണ്ടാണ് എപ്പോഴും പഠിപ്പ് ബ്രഹ്മചര്യത്തിലാണ് നടക്കുന്നത്. ഇവിടെ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഒരു ബാബയിലല്ലാതെ മറ്റാരിലേക്കും ബുദ്ധി പോകരുത്. എന്നാൽ ബാബയ്ക്കറിയാം വളരെയധികം പേർക്ക് പഴയലോകത്തിന്റെ സ്മൃതി വരുന്നുണ്ട്. പിന്നീട് അവർ ഇവിടെ ഇരിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ കേൾക്കുന്നില്ല. ഭക്തിമാർഗ്ഗത്തിലും ഇതുപോലെയാണ്. സത്സംഗത്തിലിരിക്കുന്നുണ്ടെങ്കിലും ബുദ്ധി എവിടെയെങ്കിലുമൊക്കെ അലഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ വളരെ വലിയ ശക്തമായ പരീക്ഷയാണ്. ചിലർ ഇവിടെ ഇരിക്കുന്നുണ്ടെങ്കിലും കേൾക്കുന്നേയില്ല. പല കുട്ടികൾക്കും കേൾക്കുമ്പോൾ സന്തോഷമുണ്ടാകുന്നു. ബാബയുടെ മുന്നിൽ സന്തോഷത്താൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കുന്നു. ബുദ്ധി ബാബയുടെ പക്കലാണെങ്കിൽ അന്തിമ മനം ശ്രേഷ്ഠമായിത്തീരുന്നു. ഇതിനുവേണ്ടി വളരെ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഇവിടെയാണെങ്കിൽ നിങ്ങൾക്ക് അളവറ്റ ധനം ലഭിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാപിതാവായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:-

1) വിജയമാലയിലെ മുത്തായിത്തീരുന്നതിനുവേണ്ടി വളരെ നല്ല പുരുഷാർത്ഥം ചെയ്യണം. വളരെയധികം മധുരമായത്തീരണം. ശ്രീമതമനുസരിച്ച് മുന്നേറണം.

2) യോഗം തന്നെയാണ് സുരക്ഷാകവചം അതുകൊണ്ട് യോഗബലം ശേഖരിക്കണം. ദേഹീ-അഭിമാനിയാകുന്നതിനുള്ള പരിശ്രമം ചെയ്യണം.

## വരദാനം:- "വിശേഷം" എന്ന വാക്കിന്റെ സ്മൃതിയിലൂടെ സമ്പൂർണ്ണതയുടെ ലക്ഷ്യത്തെ പ്രാപ്തമാക്കുന്ന സ്വപരിവർത്തകരായി ഭവിക്കട്ടെ.

സദാ ഈ സ്മൃതിയിൽ തന്നെ ഇരിക്കൂ, അതായത് ഞാൻ വിശേഷപ്പെട്ട ആത്മാവാണ്, വിശേഷ കാര്യത്തിന് നിമിത്തമാണ്, വിശേഷത കാണിക്കുന്നവനുമാണ്. ഈ വിശേഷമെന്ന വാക്ക് വിശേഷമായി ഓർമ്മയിൽ വെക്കൂ- സംസാരിക്കുന്നതും വിശേഷപ്പെട്ടത്, കാണുന്നതും വിശേഷപ്പെട്ടത്, ചെയ്യുന്നതും വിശേഷപ്പെട്ടത്, ചിന്തിക്കുന്നതും വിശേഷപ്പെട്ടത്.... ഓരോ കാര്യത്തിലും ഈ വിശേഷ ശബ്ദം കൊണ്ടുവരുന്നതിലൂടെ സഹജമായി സ്വപരിവർത്തകരും വിശ്വപരിവർത്തകരുമായി മാറും, മാത്രമല്ല സമ്പൂർണ്ണതയെ പ്രാപ്തമാക്കാനുള്ള ഏതൊരു ലക്ഷ്യമാണോ ആ ലക്ഷ്യവും സഹജമായി പ്രാപ്തമാക്കാൻ സാധിക്കും.

## സ്ലോഗൻ:- വിഘ്നങ്ങളെ കണ്ട് പരിഭ്രമിക്കുന്നതിന് പകരം പരീക്ഷയാണെന്ന് മനസ്സിലാക്കി അവയെ മറി കടക്കൂ.

**ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

ഇപ്പോൾ മനസ്സിന്റെ ക്വാളിറ്റിയെ വർദ്ധിപ്പിക്കൂ എങ്കിൽ ക്വാളിറ്റിയുള്ള ആത്മാക്കൾ സമീപത്ത് വരും. ഇതിൽ ഡബിൾ സേവനമുണ്ട്- സ്വയത്തിന്റെയും മറ്റുള്ളവരുടെയും. സ്വയത്തിന് വേണ്ടി വേറെ പ്രയത്നം ചെയ്യേണ്ടതില്ല. പ്രാലബ്ധം ലഭിക്കുന്നുണ്ട്, അങ്ങിനെയുള്ള സ്ഥിതിയുടെ അനുഭവം ഉണ്ടാകും. ഈ സമയത്തെ ശ്രേഷ്ഠ പ്രാലബ്ധമാണ് "സദാ സ്വയം സർവ്വ പ്രാപ്തികളാലും സമ്പന്നരായിരിക്കുക, മറ്റുള്ളവരെയും സമ്പന്നരാക്കി മാറ്റുക".